# പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2027

22.3.2012 ൽ മറുപടിയ്ക്ക്

**ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ ജീവനക്കാരുടെ കുറവ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ. കെ.എം.മാണി<br>ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി |
| (എ) അധികാര വികേന്ദ്രീകരണത്തോടെ ഉണ്ടായിട്ടുള്ള അധികമായ ജോലിഭാരം സമീകരിക്കുന്നതിന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ മതിയായ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ 25.2.06ലെ ജി.ഒ.(എം.എസ്) 91/06/ധന പ്രകാരം 69 തസ്തികകളും 6.8.09ലെ ജി.ഒ.(ആർ.റ്റി) 5365/09/ധന പ്രകാരം 14 തസ്തികകളും 17.6.10ലെ ജി.ഒ.(എം.എസ്) 338/10/ധന പ്രകാരം 180 തസ്തികകളും 17.2.12ലെ ജി.ഒ.(എം.എസ്) 126/12/ധന പ്രകാരം 12 തസ്തികകളും ഇതിനോടകം സൃഷ്ടിച്ചിട്ടുണ്ട്. കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ നിലവിലില്ല. |
| (ബി) സർക്കാർ സ്ഥാപനങ്ങളുടെ എണ്ണത്തിന് ആനുപാതികമായി ഓഡിറ്റിംഗ് ജീവനക്കാരുടെ കുറവ് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പ്രവർത്തനത്തെ ബാധിച്ചിട്ടുള്ളത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) എങ്കിൽ സംസ്ഥാനത്തെ സർക്കാർ സ്ഥാപനങ്ങളിലെ ഓഡിറ്റ് മുടങ്ങുന്നതും വൈകുന്നതും ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; | സംസ്ഥാനത്തെ സർക്കാർ സ്ഥാപനങ്ങളിലെ ഓഡിറ്റ് മുടങ്ങുന്നതും വൈകുന്നതും ശ്രദ്ധയിൽപ്പെട്ടാൽ അത് ഒഴിവാക്കാൻ വേണ്ട നടപടി സ്വീകരിക്കുന്നതാണ്. |

| | |
|---|---|
| (ഡി) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് മേഖലാ ഓഫീസുകൾ ആരംഭിക്കുന്നതിന് നടപടി കൈക്കൊള്ളുമോ? | ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

Renadevi

സെക്ഷൻ ഓഫീസർ